DESPATCHED
On 29/06/2020
7.5.20

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.380(*7*)/*2013*/എസ്.ഐ.സി**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.2479/എസ്.ഐ.സി-ജി 6/14
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ.സേവ്യർ.വി.ഇ
S/o എസ്തപ്പാനു
വടക്കുംചേരി വീട്
മലയാറ്റൂർ പി.ഒ
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
   സെക്രട്ടറി
   മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്ത്
   നീലീശ്വരം

2. അപ്പീൽ അധികാരി
   ഡി.പി.പി
   ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ എറണാകുളം
   കാക്കനാട്
   എറണാകുളം ജില്ല

} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൻമേൽ എസ്.പി.ഐ.ഒ യും അപ്പീൽ അധികാരിയും മറുപടി ലഭ്യമാക്കിയില്ല എന്നും നഷ്ടപരിഹാരം നൽകണമെന്നും ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. 30.11.2012 ൽ ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് 22.12.2012 എസ്.പി.ഐ.ഒ മറുപടി നൽകുകയും ടി മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് ഹർജിക്കാരൻ 04.01.2012 ൽ അപ്പീൽ അധികാരിക്ക് അപ്പീൽ സമർപ്പിക്കുകയും 07.02.2013 അപ്പീൽ അധികാരി മറുപടി നൽകുകയും ചെയ്തു.ആയതിൽ അപ്പീൽ അധികാരി വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയില്ലെന്നും, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ 7 ദിവസത്തിനകം നൽകണമെന്നും എസ്.പി.ഐ.ഒയ്ക്ക് കർശനമായ താക്കിത് നൽകുന്നുവെന്നും കാണിച്ച് അപ്പീൽ തീർപ്പാക്കി.
3. എസ്.പി.ഐ.ഒ. കമ്മീഷനിൽ 18.03.2019 ൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ, ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയോ ബന്ധപ്പെട്ട ഫയലോ ടി ഓഫീസിലെ എല്ലാ ജീവനക്കാരെയും ചുമതലപ്പെടുത്തി അന്വേഷണം നടത്തിയെങ്കിലും കണ്ടെത്താൻ സാധിച്ചില്ലെന്നും ആയതിനാൽ തുടർനടപടികളൊന്നും സ്വീകരിക്കാൻ സാധിച്ചില്ലെന്നുമാണ്.
4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ രേഖകൾ കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ ഹർജിക്കാരന്റെ കൈയ്യിൽ നിന്നും ഈടാക്കിയ തുക തിരികെ നൽകാനുള്ള നടപടി സ്വീകരിക്കാനും ടി തുക നൽകിയതിന്റെ രേഖകൾ ഉൾക്കൊള്ളിച്ച് റിപ്പോർട്ട് കമ്മീഷനിലേയ്ക്ക് അയക്കാനും നിർദ്ദേശിച്ചുകൊണ്ട് ഈ അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നുകണ്ട് ഈ പരാതി ഹർജി ഇന്നേദിവസം 2020 മേയ് 07–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★